**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **29-07-2021 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ യൂണിറ്റുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കൂടുതൽ സ്ഥല സൗകര്യങ്ങൾ ഉള്ള കെൽട്രോൺ യൂണിറ്റുകൾ നൂതന ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനുള്ള കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കൂടുതൽ സ്ഥലസൗകര്യങ്ങളുള്ള കെൽട്രോണിന്റെ യൂണിറ്റുകളിൽ പുതിയ ഉൽപ്പാദന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണിന് പദ്ധതിയുള്ളതും ആയതു വികസന പദ്ധതികൾ അടങ്ങിയ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതുകൂടാതെ മെഡിക്കൽ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള ആദ്യഘട്ട നടപടികൾ കെൽട്രോൺ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനായി കെൽട്രോണിന് തുക വകയിരുത്തിയിട്ടുമുണ്ട്. |
| (ബി) | ഇത്തരത്തിൽ പുതിയ ഉൽപാദന കേന്ദ്രങ്ങളായി കെൽട്രോൺ യൂണിറ്റുകളെ വികസിപ്പിക്കുന്നതിന് ഉതകുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ;വിശദമാക്കാമോ; | (ബി) | ഉണ്ട്. പുതിയ ഉൽപാദന കേന്ദ്രങ്ങളായി കെൽട്രോൺ യൂണിറ്റുകളെ വികസിപ്പിക്കുന്നതിന് ഉതകുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക വിദഗ്ധരടങ്ങുന്ന സമിതി മുൻപാകെ ആദ്യഘട്ടം അവതരണം കഴിഞ്ഞിട്ടുണ്ട്. തുടർന്ന് അവലോകനത്തിനു ശേഷം മാറ്റങ്ങൾ വരുത്തി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാർ രൂപീകരിക്കുന്ന വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരം പദ്ധതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുവാനുമാണ് കെൽട്രോൺ ലക്ഷ്യമിടുന്നത്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പവർ ഇലക്ട്രോണിക്സ് ഡിവിഷൻ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 3 kVA, 5 kVA യു പി എസുകൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള പദ്ധതി. 2. സോളാർ പമ്പ് കൺട്രോളർ നിർമ്മാണപദ്ധതി. 3. യു പി എസുകൾ, വൈദ്യുത വാഹനങ്ങൾ എന്നിവയ്ക്ക് ആവശ്യമായിട്ടുള്ള ലിഥിയം അയൺ ബാറ്ററി, ബാറ്ററി മാനേജ്മെന്റ് സിസ്റ്റം അസംബ്ലിങ് പദ്ധതി. |

| | | | |
|---|---|---|---|
| | | | 4. വിവിധ മെഡിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണപദ്ധതി. |
| (സി) | ധാരാളം സ്ഥലം ലഭ്യമായിട്ടുള്ള കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ നന്തി കെൽട്രോൺ യൂണിറ്റിന്റെ വികസനത്തിന് ഇത്തരത്തിൽ മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കെൽട്രോൺ യൂണിറ്റിന്റെ നവീകരണവും മേൽപ്പറഞ്ഞ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ